2015
മെയ് 03

# ഉയർപ്പുകാലം

## ഏഴാം ഞായർ

| | |
|---|---|
| 2രാജാ 2,1-12 | ശ്ലീഹ 1,6 - 11 |
| 1തിമോ 2,1-7 | ലൂക്കാ 24,44-53 |

### സ്മൃതി

ഏശയ്യാ പ്രവാചകന്റെ ദൈവവിളിയുടെ വിവരണമാണ് 6, 1-13. ദർശനത്തിലാണ് അദ്ദേഹം ദൈവത്തെ കണ്ടുമുട്ടുന്നത്. പരിശുദ്ധനായ ദൈവം അദ്ദേഹത്തിന് അനുഭവവേദ്യനാകുന്നു. പ്രവർത്തനനിരതനും, പവിത്രീകരിക്കുന്നവനും ദൗത്യത്തിനായി പ്രവാചകനെനിയോഗിക്കുന്നവനുമാണ് അവിടുന്ന്. അവിടുത്തെ മഹത്വത്തിനു മുമ്പിൽ മനുഷ്യൻ ചെറിയവനും പാപിയും ബലഹീനനുമാണ്. പരിശുദ്ധനായ ദൈവത്തിന്റെ ദർശനം തന്റെ ജനത്തിന്റെ അശുദ്ധിയുടെ വലുപ്പം പ്രവാചകന് വെളിപ്പെടുത്തി. അവർക്കായി പ്രവാചകനും കിട്ടിയ ദൗത്യം അവരുടെ ഹൃദയം കഠിനമാക്കാനായിരുന്നു. ജനത്തിന്റെ മാനസാന്തരമാണ് അതിന്റെ ലക്ഷ്യം. ഇസ്രായേൽക്കാരുടെ കണ്ണും കാതുമടച്ച് അവരെ ശിക്ഷക്കായി ഒരുക്കുന്നതിനുള്ള ദൗത്യം പശ്ചാത്താപത്തിനും ദൈവത്തിലേക്ക് തിരിയുന്നതിനുമുള്ള ആഹ്വാനം കൂടിയാണ്. പ്രവാചകൻ ദൈവത്തിന്റെ കാഴ്ചപ്പാടുകളിലൂടെ ജനത്തെ കണ്ട് മാനസാന്തരത്തിലേക്ക് ക്ഷണിക്കുന്നു.

അപ്പസ്തോലന്മാരുടെ നടപടി പുസ്തകം 1, 6 – 11 സഭയുടെ ആരംഭ ദിനങ്ങളിലേക്കാണ് വായനക്കാരനെനയിക്കുന്നത്. സ്വർഗ്ഗാരോഹണത്തിനു ശേഷം ശിഷ്യന്മാർ പ്രാർത്ഥനയുടെ കൂട്ടായ്മയിൽ വിശ്വസ്തതയോടും ഏകമനസ്സോടും കൂടി മുഴുകിയിരിക്കുന്നു. വീഴ്ചയില്ലാത്ത നിരന്തര പ്രാർത്ഥനാ ഭാവമാണ് ഈ സമൂഹത്തിന്റെ പ്രത്യേകത. പ്രാർത്ഥനയിലുള്ള ഐക്യവും പ്രാർത്ഥനയുടെ ലക്ഷ്യത്തിലുള്ള ഐക്യവും ഈ സമൂഹത്തിൽ ഒന്നിച്ചു ചേരുന്നു. മറിയത്തിന്റെയും സഹോദരങ്ങളുടെയും സാന്നിധ്യം വിശ്വാസികളുടെ പുതിയ സമൂഹത്തിന് മാറ്റുകൂട്ടുന്നു. ഇത്തരമൊരു സമൂഹത്തിന്റെ പശ്ചാത്തലത്തിലാണ് പുതിയ തെരഞ്ഞെടുപ്പ് നടക്കുന്നത്. ഉത്ഥാനത്തിന് സാക്ഷിയും, ഉത്ഥാനനുഭവമുള്ളവനും യേശുവിന്റെ പ്രവർത്തനത്തിന് ദൃക്സാക്ഷിയുമായവനും സുവിശേഷ ദൗത്യനിർവഹണത്തിനായി തിരഞ്ഞെടുക്കപ്പെടുന്നു. നിസ്വാർത്ഥവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പിന്റെ ചിത്രം ഇവിടെ കാണുന്നു.

### ശ്രുതി

പൗലോസ്ശ്ലീഹാ ഫിലിപ്പിയിലെ നെറിയില്ലാത്തതും, സ്വാർത്ഥ താത്പര്യങ്ങളുള്ളതുമായ സമൂഹത്തിനമാതൃകയായി നൽകുന്ന ചിത്രമാണ് 2, 1-7-ലെ ക്രിസ്തു ഗീതം. തടവിലായിരിക്കുന്ന ശ്ലീഹാ, സമൂഹത്തിലെ നേതൃത്വ ശുശ്രൂഷയിലുള്ള ഭിന്നതയും മാത്സര്യവും ബാഹ്യശക്തികളിൽ നിന്നും അബദ്ധപ്രബോധനങ്ങളിൽ നിന്നും ഉളവായ വിഭാഗീയതയും സുവിശേഷത്തിന്റെ വിജയത്തിന് വിഘാതമാകുന്നു എന്ന തിരിച്ചറിവിൽ ആത്മദാനത്തിലൂടെ മഹത്വത്തിലെത്തിയ ബലിദാനചൈതന്യത്തിലൂടെ ഐക്യത്തിന്റെയും സ്വയാർപ്പണത്തിന്റെയും സമൂഹമായിമാറാൻ ആഹ്വാനം ചെയ്യുകയാണിവിടെ. സ്വാർത്ഥതയല്ല, ആത്മദാനമാണ് സുവിശേഷത്തിലെ സഹപ്രവർത്തകരുടെ മുഖമുദ്ര.

വി. മർക്കോസിന്റെ സുവിശേഷം 16, 44-53 യേശു ശിഷ്യർക്ക് പ്രത്യക്ഷനായി പ്രേഷിത ദൗത്യത്തിനയയ്ക്കുന്ന ചിത്രമാണ് വിവരിക്കുന്നത്. യേശുവിന്റെ ഉത്ഥാനം ശിഷ്യരെ അറിയിച്ചെങ്കിലും അവർ വിശ്വസിക്കാൻ മടിച്ചു. യേശു ഇന്ന് ഉത്ഥിതനും ജീവിക്കുന്നവനുമാണ്. അതാണ് ശിഷ്യരോട് അറിയിക്കപ്പെടുന്നതും ശിഷ്യർ പ്രഘോഷിക്കേണ്ടതും. സകല ജനതകൾക്കും ദൗത്യമാകേണ്ട സദ് വാർത്തയുടെ കാതൽ യേശുജീവിത മരണോത്ഥാനങ്ങളാണ്. മനുഷ്യരോട് മാത്രമല്ല എല്ലാ സൃഷ്ടികളോടും സുവിശേഷമറിയിക്കപ്പെടണം. അത് യേശു പ്രവർത്തനമേഖലയിൽ നിന്നാണ് തുടങ്ങുന്നത്. എന്നാൽ സകല സൃഷ്ടികളിലും എത്തിനിൽക്കും. പരിസ്ഥിതി സംരക്ഷണവും ലോക സമാധാനവും വിശ്വസാഹോദര്യവുമെല്ലാം യേശു സുവിശേഷത്തിന്റെ പരിധിയിൽ പെട്ടതാണ്. പ്രേഷിത ദൗത്യത്തിന്റെ പരിണിതഫലമാണ് ജ്ഞാനസ്നാനം -അതുവഴി വ്യക്തി, പുതിയ വ്യക്തിയായി മാറുന്നു. പുതിയ സമൂഹത്തിന്റെ – സഭയുടെ – അംഗങ്ങളായി മാറുന്നു. വിശ്വസിക്കുന്നവർ ദൈവത്തിന്റെ സംരക്ഷണവും പരിപാലനയും സുരക്ഷിതത്വവുമായി കൂടെയുണ്ടാകുമെന്നത് തീർച്ചയാണ്. ഉത്ഥാനാനുഭവത്തിൽ ശക്തിപ്പെട്ട് യേശു പിതൃഭവന(16, 19-20) ത്തിലേക്ക് യാത്രയായശേഷം ശിഷ്യൻ പ്രേഷിത ദൗത്യം പൂർത്തിയാക്കാൻ ഇറങ്ങി. അതിന്നും തുടർന്നുകൊണ്ടേയിരിക്കുന്നു.

### ധ്വനി

സുവിശേഷത്തിനായി ആത്മാർത്ഥമായി ജീവനർപ്പിക്കുന്നവനാണ് പ്രേഷിതൻ. സുവിശേഷമാണ് പ്രേഷിതന് ആധികാരികതയും ശക്തിയും പകരുന്നത്. ദൈവരാജ്യ പ്രഘോഷണത്തിനാണ് ജീവിതത്തിൽ മുൻതൂക്കം നൽകേണ്ടത്. അത് മാമോദീസയിലൂടെ പുതിയ സമൂഹത്തിന് രൂപം കൊടുക്കുമ്പോൾ, പ്രേഷിതത്വത്തിന്റെ വിശാല വീക്ഷണത്തിൽ, സകല ജനതകൾക്കുമായുള്ള സുവിശേഷ ദൗത്യം യാഥാർത്ഥ്യമാകുന്നു. അതിനായി വാക്കും പ്രവൃത്തിയും സമന്വയിപ്പിക്കുന്ന ജീവിത ശൈലി അനിവാര്യമാണ്. പ്രേഷിതൻ ഉത്ഥിതന് സാക്ഷിയാകണം; ഉത്ഥാനാനുഭവത്തിൽ ആഴപ്പെടണം. ഉത്ഥിതന്റെ സദ് വാർത്തയെ സകല സൃഷ്ടികളേയും അറിയിക്കുകയും വേണം. ദൈവത്തിന്റെ സംരക്ഷണവും അരൂപിയുടെ സാന്നിദ്ധ്യവും പ്രേഷിതന് ശക്തിയും രക്ഷയുമാണ്. അതിനാൽ സുവിശേഷത്തിനായി, അപരനായി ത്യാഗപൂർണ്ണവും അദ്ധ്വാനനിരതവുമായ ജീവിതത്തിലൂടെ ജീവിതം ബലിയും ജീവനുമാക്കുന്ന പ്രേഷിത ശൈലിയുടെ വക്താക്കളാകുക മഹനീയമാണ്. അത് എന്നും തുടരേണ്ടിയിരിക്കുന്നു.

വചനസന്ദേശം

# അയയ്ക്കപ്പെട്ടവർ

**ഫാ. മനോജ് പ്ലാത്തോട്ടത്തിൽ എം.സി.ബി.എസ്**

ഇന്നത്തെ സുവിശേഷത്തിൽ ലോകമെങ്ങും സുവിശേഷം പ്രസംഗിക്കണമെന്ന് ശിഷ്യഗണത്തോടാഹ്വാനം ചെയ്യുന്ന യേശുവിനെയാണ് നാം കാണുന്നത്. ഒരുവൻ മരണമടയുന്നതോടെ അവന്റെ ലോകം അവസാനിക്കുന്നതായാണ് നാം സാധാരണ കണക്കാക്കുന്നത്. എന്നാൽ വിജയശ്രീലാളിതനായി കറ്റയെ നിഷ്ക്കരുണം വെട്ടിയെറിഞ്ഞാലും പാടത്തുവീണും നാമ്പുമുളയ്ക്കുന്നതുപോലെയാണ് മരണത്തിന്റെ കവാടം കൊട്ടിയടച്ച് യേശു നിത്യ ജീവന്റെ അമൃതേത്തുമായി നമ്മെ ഓരോരുത്തരേയും സമീപിക്കുന്നത്. മരണത്തെ ജയിച്ചു വന്നവന് നിത്യതയുടെ സന്ദേശമേ നല്കുവാനുള്ളൂ. അവൻ നമ്മളെയും ക്ഷണിക്കുന്നു: "വരൂ എന്നോടൊപ്പം കൈകോർക്കൂ."

തപശ്ചര്യയിലൂടെ മനസ്സും ശരീരവുമെല്ലാം അർപ്പിച്ച ഒരു സന്യാസിയുണ്ടായിരുന്നു. കടലുതാണ്ടി കാട്ടിലും മേട്ടിലും അലഞ്ഞ് പ്രേഷിത ദൗത്യം അവൻ നിർവ്വഹിച്ചു. വേറൊരുവൻ അവന്റെ നാട്ടിൽ നിന്നും കടലുതാണ്ടിയെത്തി. അവൻ ജനങ്ങളെ തൊട്ടറിഞ്ഞില്ല. രാഷ്ട്രീയത്തിന്റെ വക്രതകളെല്ലാം പുറത്തെടുത്ത അവൻ പ്രേഷിത മണ്ണിലെ ജനതയെ കൊള്ളയടിച്ചു സ്വ നാട്ടിൽ മടങ്ങിയെത്തി. അവനെസ്വീകരിക്കാനും അനുമോദിക്കാനും തുറമുഖത്ത് അനേകരെത്തി. എന്നാൽ മനസ്സർപ്പിച്ച് പ്രേഷിത ദൗത്യം നിർവ്വഹിച്ച് സന്യാസവര്യനെത്തിയപ്പോൾ അവനെസ്വീകരിക്കാനോ അനുമോദിക്കാനോ ആരുമുണ്ടായില്ല. ദു:ഖാർത്തനും ഹതാശനുമായ സന്യാസിയുടെ ദു:ഖം ഗുരുവിന്റെ മുമ്പിൽ അണപൊട്ടിയൊഴുകി. അവൻ പരിതപിച്ചു: "എന്നെ അറിയാത്ത അന്യനാട്ടിലെ ജനങ്ങൾക്കുവേണ്ടി കാട്ടിലും മേട്ടിലും എല്ലുമുറിയെ പണിയെടുത്ത് നാട്ടിൽ തിരിച്ചെത്തിയിട്ട് എന്തേ എന്നെ കാണാനോ അനുമോദിക്കാനോ ആരുമെത്തിയില്ല" പുഞ്ചിരി തൂകിക്കൊണ്ട് ഗുരുമൊഴിഞ്ഞു: "മകനേനീ ഇതുവരെയും നിന്റെ നാട്ടിൽ തിരിച്ചെത്തിയിട്ടില്ല. ഇത് നിന്റെ നാടല്ല. നിന്റെ നാടും വീടും സ്വർഗ്ഗമാണ്." അതേ, വി. പൗലോസ് അപ്പസ്തോലൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു. "ഈ ലോകം നമ്മുടെ ഭവനമല്ല. നമ്മുടെ ഭവനം സ്വർഗ്ഗമാണ്.മണിനാദം നിങ്ങളെ പള്ളിയിലേക്ക് വിളിക്കുമ്പോൾ, നിങ്ങൾ എവിടെ പോകുന്നുവെന്ന് ആരെങ്കിലും ചോദിച്ചാൽ നിങ്ങൾ പറയണം, "ഞങ്ങൾ ആത്മാവിനെപുഷ്ടിപ്പെടുത്താൻ പോകുന്നെന്ന്. വി.സക്രാരിയെ ചൂണ്ടിക്കൊണ്ട് ആ സ്വർണ്ണവാതിൽ എന്താകുന്നെന്ന് ആരെങ്കിലും ചോദിച്ചാൽ അതാ ഞങ്ങളുടെ ആത്മാവിന്റെ ഭക്ഷണം സൂക്ഷിച്ചിരിക്കുന്ന ഭണ്ഡാരത്തിന്റെ വാതിലാകുന്നു എന്ന് നിങ്ങൾ പറയണം. വീണ്ടും, ആരാണ് താക്കോൽക്കാരൻ? ആരാണ് കലവറക്കാരൻ? ആരാണ് വിളമ്പുന്നത്? എന്ന് ചോദിച്ചാൽ എന്തായിരിക്കും മറുപടി? വൈദികൻ" എന്ന്. "എന്താണ് ആഹാരം? നമ്മുടെ കർത്താവിന്റെ തിരുശ്ശരീരവും തിരുരക്തവും! വി.വിയാനി. സെഹിയോൻ മാളികയിലും തിബേരിയസ് കടലിന്റെ തീരത്തും തന്നെത്തന്നെ വിളിച്ചുകൊടുത്തവൻ ഇന്നും അൾത്താരയിൽ നിന്നും വിളിച്ചിരുത്തുന്നു, വൈദീകരിലൂടെ." "സ്വർഗ്ഗനാട്ടിലെൻ പ്രിയൻ തീർത്തീടും സ്വന്തം വീട്ടിൽ ചേർന്നീടുവാൻ മമ നാഥനെഒന്നുകാണുവാൻ.... എന്ന ഈരടികളുടെ സാരവും മറ്റൊന്നല്ല.

മഗ്ദലേനമറിയത്തിനും എമ്മാവൂസിലേക്കു പോയ ഹതാശരായ ശിഷ്യർക്കും പ്രത്യക്ഷപ്പെട്ട ശേഷമാണ് യേശു 11 അപ്പസ്തോലന്മാർക്കു പ്രത്യക്ഷപ്പെട്ട് ദൗത്യമേല്പിക്കുന്നത്. ഓർക്കുക. ജെറുസലേമിലേക്കുപോയ യേശു ഗലീലിയിലേക്കു മടങ്ങിയില്ല. ജറുസലേം ഓരോ പ്രേഷിതന്റെയും ലക്ഷ്യമാകണം. കലപ്പയിൽ കൈവച്ചിട്ടു തിരിഞ്ഞുനോക്കുന്നവൻ തനിക്കുയോഗ്യനല്ലെന്ന് ഗുരു പറഞ്ഞു വച്ചു. പ്രേഷിത വഴിയിൽ ഓരോരുത്തനെയും കാത്തിരിക്കുന്നത് സഹനത്തിന്റെ പാനപാത്രമാണ്. പക്ഷേ സഹനപാതയിൽ തനിച്ചല്ലെന്ന് നമുക്കു മുന്നേ പോയ ഗുരു പറയുന്നു. ഹെബ്രായർക്കുള്ള ലേഖനത്തിൽ സഹനത്തിന്റെ പാതവെട്ടിത്തെളിച്ച് മുമ്പേ ഗമിച്ചവനായിട്ടാണ് ഗുരുവിനെഅവതരിപ്പിച്ചിരിക്കുന്നത്.

ഓരോ പ്രേഷിതനുമിതൊരു മുന്നറിയിപ്പാണ്. വിശ്വാസിയുടെ രക്തമാണ് സഭയുടെ വളർത്തടത്തിൽ വളമായി മാറിയത്. ഗുരുവിന്റെ നോവ് എന്റെ നൊമ്പരമായി മാറിയില്ലെങ്കിൽ, ഗുരുവിന്റെ അനുകമ്പ എന്റെ നയനങ്ങളെ തഴുകിയില്ലെങ്കിൽ, ഗുരുവിന്റെ ഹൃദയത്തോടൊപ്പം എന്റെ ഹൃദയം മിടിച്ചില്ലെങ്കിൽ എന്നിലെ പ്രേഷിതന്റെ മരണം തുടങ്ങിയെന്ന് മനസ്സിലാക്കുക. എന്റെ കുടുംബത്തിലെ കൊച്ചു കൊച്ചു സഹനങ്ങൾ ഒത്തിരി സ്നേഹത്തോടെ പേറുമ്പോൾ ഞാനും പങ്കുപറ്റും, അവനോടൊപ്പം... എനിക്കു പ്രഘോഷിക്കാനാവാത്ത ആ സുവിശേഷം അവിടുന്നു നല്കില്ലെന്നോർക്കുക. ഓർമ്മകൾ നിറവാകട്ടെ... ഈ ലോക ജീവിതം ആ പ്രേഷിത വേലയാണെന്ന് മനസ്സിലാക്കുക. എന്റെ കുടുംബത്തിൽ, എന്റെ ഇടവകയിൽ, എന്റെ ജോലി സ്ഥലത്ത്, എന്റെ കർമ്മമേഖലയിൽ ഞാൻ 'നല്ല വാർത്തയായി' മാറുമ്പോൾ രോഗം പമ്പകടക്കും, സർപ്പദംശന തുല്യമായ അശുദ്ധികൾ വഴിമാറും. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

## നേർകാഴ്ച
Nerkazhcha

*Gospel Today*

സ്വർഗ്ഗാരോഹണ വേളയിൽ ഈശോ നല്കിയ വാഗ്ദാനവും, ദൗത്യവും ദിവ്യകാരുണ്യഭാവം നിറഞ്ഞു നില്ക്കുന്നതാണ്. ലോകവസാനം വരെ ഞാൻ നിങ്ങളോടുകൂടി ഉണ്ടാകും എന്ന വാഗ്ദാനം വളരെ സ്പഷ്ടമായ ദിവ്യാകാരുണ്യ വാഗ്ദാനമാണ്. പരിശുദ്ധ കുർബാനവഴി ദൈവം നമ്മുക്കുവേണ്ടി ലോകവസാനം വരെ നമ്മോടൊത്തു നമ്മുടെ കൂടെ ജീവിക്കും എന്നുള്ള വാഗ്ദാനമാണിത്. അതോടൊപ്പം വാഗ്ദാനപ്പേടകത്തിലെന്നപോലെ, വാഗ്ദാനപേടക സാന്നിദ്ധ്യത്തിന്റെ പൂർത്തീകരണമെന്നനിലയിൽ ദിവ്യകാരുണ്യ സാന്നിദ്ധ്യമുണ്ടാകുമെന്നുമുള്ള ഉറപ്പു കൂടിയാണ്. സുവിശേഷ പ്രഘോഷണ ഉത്തരവാദിത്വത്തിൽ വിശ്വസിക്കുന്നവർക്കു മാമ്മോദീസാ നല്കാനായി ഈശോ പറയുന്നുണ്ട്. അതായത് വിശ്വാസത്തിന്റെ പൂർണ്ണതയിലേക്ക് അടയാളത്തോടുകൂടി ആനയിക്കാനാണ് ആവശ്യപ്പെടുക. ഈ വിശ്വാസ പൂർണ്ണതയിൽ പരിശുദ്ധ കുർബാനയെ മാറ്റി നർത്താൻ സാധിക്കുമോ?

തങ്ങൾക്ക് ലഭിക്കാത്തത് മക്കൾക്ക് നൽകണമെന്ന ആഗ്രഹവും അവർക്ക് ഒരു കുറവും വരരുത് എന്ന ചിന്തയും മാതാപിതാക്കളുടെ ചികിത്സിക്കാനാവാത്ത ഒരു രോഗമായിമാറിയിരിക്കുന്നു. ആത്യന്തികമായി മാതാപിതാക്കളുടെ ജീവിതാനുഭവത്തിന്റെ ചൂടും ചൂരും മക്കൾക്ക് പകർന്നു കിട്ടണം. അറിവ് ഉപദേശിച്ചാൽ മക്കൾ മിടുക്കരാകും, പക്ഷേ നല്ലവരാകണമെന്നില്ല. പറഞ്ഞു കൊടുക്കുന്ന അറിവിനേക്കാൾപകർന്നു കൊടുക്കുന്ന അനുഭവങ്ങളാണ് മക്കളെ നല്ലവരാക്കുന്നത്.
ജസ്ററീസ് കുര്യൻ ജോസഫ്, ബോധിത പുസ്തകം1 / ലക്കം1,2015 ജനുവരി, പേജ് 10